# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1100 28.04.2017 ലെ മറുപടി

**കുപ്പിവെള്ള-കോള കമ്പനികളുടെ പ്രവർത്തനവും ജലലഭ്യതയും**

**ചോദ്യം** **മറുപടി**

ശ്രീ. പി.കെ. അബ്ദു റബ്ബ്
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
ശ്രീ. സി.മമ്മൂട്ടി
ശ്രീ. കെ.എം. ഷാജി

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കുപ്പിവെള്ള-കോള കമ്പനികളുടെ പ്രവർത്തനം ജല ലഭ്യതയെ ഏതു വിധത്തിൽ ബാധിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) | ഭൂജലവകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി, മറ്റു ജലസ്രോതസ്സുകളെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായ അളവിലാണ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കാനുള്ള എൻഒസി നൽകുന്നത്. |
| ബി) | ഇത്തരം എത്ര കമ്പനികൾക്ക് ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; | ബി) | 115 കുപ്പി വെള്ള നിർമ്മാണ കമ്പനികൾക്ക് ഭൂജല അതോറിറ്റി നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട് |
| സി) | ഓരോ കമ്പനിക്കും ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവിന് പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പരിധിയിലധികം വെള്ളം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; നിയമലംഘനം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | സി) | ഉണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം 6 മാസത്തിലൊരിക്കൽ വിലയിരുത്താറുണ്ട് നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിൻമേൽ ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് നിയമലംഘനം നടത്തിയതുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ